(എ) കെ.എസ്.ആർ.ടി.സി. ഡീസൽ ക്ഷാമത്തിന്റെ പേരിൽ അടുത്ത കാലത്ത് സർവ്വീസുകൾ റദ്ദു ചെയ്തത് എവിടെയെല്ലാം;

(ബി) എത്ര ദീർഘദൂര സർവ്വീസുകൾ തുടങ്ങിയിട്ടുണ്ട്;

(സി) സർവ്വീസുകൾ നടത്തുന്നതിൽ കോർപ്പറേഷൻ നഷ്ടം നേരിടുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഡീസൽ വാങ്ങുന്നതിന്റെ വില കൂടിശ്ശികയില്ലാതെ കൊടുത്തുതീർക്കാൻ എന്താണ് വിഷമമെന്ന് അറിയിക്കുമോ:

(ഇ) ഡീസൽ വിലയായി ഐ.ഒ.സി.ക്ക് കൊടുത്ത് തീർക്കാനുള്ള തുക എത്ര;

(എഫ്) ഇത് എങ്ങനെ കൊടുത്തു തീർക്കാനാണ് ഉദ്ദേശിക്കുന്നത്;

(ജി) ബസുകൾ ഓടിക്കാൻ ആവശ്യമുള്ള ഇന്ധനം വാങ്ങാൻ ആവശ്യമായ തുക നീക്കിവയ്ക്കാതെ ഫണ്ടുകൾ ദുർവിനിയോഗം ചെയ്യുന്നത് തടയാനും ദുർവിനിയോഗത്തിന് ഉത്തരവാദികളായവരെ ശിക്ഷിക്കാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർവ്വീസുകളൊന്നുംതന്നെ റദ്ദു ചെയ്തില്ല. എന്നാൽ വരുമാനം കുറഞ്ഞ ചില സർവ്വീസുകൾ ചില ദിവസങ്ങളിൽ ഓപ്പറേറ്റു ചെയ്തില്ല എന്നു മാത്രം.

(ബി) ഡീസൽ യഥാസമയം ലഭിക്കാത്തതു കാരണം ദീർഘദൂര സർവ്വീസുകളൊന്നും തുടങ്ങിയിട്ടില്ല.

(സി) ഉണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഇപ്പോൾ 14.33 കോടി രൂപ കുടിശ്ശികയുണ്ട്.

(എഫ്) സാമ്പത്തിക ലഭ്യതക്കനുസൃതമായി കുടിശ്ശിക കൊടുത്തു തീർക്കുന്നതാണ്.

(ജി) കെ.എസ്.ആർ.ടി.സി.യിൽ ഫണ്ട് ദുർവിനിയോഗം ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

74 (362) ബസ് സർവ്വീസ് നടത്തുന്നതിനുള്ള ചെലവ്

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ ഒരു ബസ്സിന് ശരാശരി എത്ര ജീവനക്കാർ ഉണ്ട്;

(ബി) പ്രൈവറ്റ് ബസ് ഓപ്പറേറ്റർമാരെ സംബന്ധിച്ചിടത്തോളം ഒരു ബസിന് ശരാശരി എത്ര ജീവനക്കാരുണ്ട്;

(സി) കെ.എസ്.ആർ.ടി.സി.യിൽ ഒരു കിലോമീറ്റർ ദൂരം ബസ് സർവ്വീസ് നടത്തുന്നതിന് എത്ര രൂപ ചെലവു വരുമെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രൈവറ്റ് ബസ് ഓപ്പറേറ്റർമാർക്ക് ഒരു കിലോമീറ്റർ ദൂരം സർവ്വീസ് നടത്തുന്നതിന് എന്തു ചെലവു വരുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 6-7 ജീവനക്കാർ.

(ബി) 4 ജീവനക്കാർ.

(സി) 1997-98 വർഷത്തെ കണക്കനുസരിച്ച് ഒരു കിലോമീറ്റർ സർവ്വീസ് നടത്തുന്നതിന് കെ.എസ്.ആർ.ടി.സി.ക്ക് 12 രൂപ 27 പൈസ ചെല വായിട്ടുണ്ട്. 1998-99-ലെ കണക്ക് പൂർത്തീകരിച്ചിട്ടില്ല.

(ഡി) ഇതു സംബന്ധിച്ച വിവരം സർക്കാരിന്റെ പക്കലില്ല.

75 (363) തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിൽനിന്നും കൈമാറിയ ഓർഡിനറി സർവ്വീസുകൾ

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാ ഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിൽനിന്നും അവസാനമായി മറ്റു ഡിപ്പോകൾക്ക് കൈമാറിയ ഓർഡിനറി സർവ്വീസുകൾ ഏതൊക്കെയാണ്;

(ബി) പ്രസ്തുത സർവ്വീസുകൾ എല്ലാം തന്നെ ഇപ്പോൾ കൃത്യമായി ഓപ്പറേറ്റു ചെയ്യുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഓർഡിനറി സർവ്വീസുകളുടെ കാര്യക്ഷമമായ നടത്തിപ്പിലേ ക്കായി തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിൽനിന്നും ഓർഡിനറി സർവ്വീ സുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)

1.	6.30 തിരുവനന്തപുരം	–	വിനോഭാനികേതൻ
2.	12.50 തിരുവനന്തപുരം	–	നെല്ലനാട്
3.	6.20 തിരുവനന്തപുരം	–	വെഞ്ഞാറമൂട്
4.	7.00 തിരുവനന്തപുരം	–	അലിയാട്
5.	13.00 തിരുവനന്തപുരം	–	പെരുമാതുറ
6.	10.30 തിരുവനന്തപുരം	–	പെരുമാതുറ
7.	05.30 തിരുവനന്തപുരം	–	പെരുമാതുറ
8.	06.20 തിരുവനന്തപുരം	–	പെരുമാതുറ
9.	05.00 തിരുവനന്തപുരം	–	പെരുമാതുറ
10.	11.15 തിരുവനന്തപുരം	–	മുരുക്കുംപുഴ

(ബി) ചില സർവ്വീസുകൾ ചില ദിവസങ്ങളിൽ കൃത്യമായി ഓപ്പറേറ്റ് ചെയ്യപ്പെടുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഓർഡിനറി സർവ്വീസുകളുടെ കാര്യക്ഷമമായ നടത്തിപ്പിനു വേണ്ടിയാണ് അവയെല്ലാം മറ്റു ഡിപ്പോകളിലേക്ക് മാറ്റിയത്. ആയതിനാൽ തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിൽനിന്നും വീണ്ടും ഓർഡിനറി സർവ്വീ സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly